# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ / NOVEMBER | 19 | 2020 |
| --- | --- | --- |



## ശബരിമല പത്രക്കുറിപ്പ്–1

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

## ശബരിമലയിൽ മികച്ച കോവിഡ് സുരക്ഷാ ക്രമീകരണങ്ങൾ

മണ്ഡല–മകരവിളക്ക് ഉത്സവത്തോട് അനുബന്ധിച്ച് മികച്ച കോവിഡ് 19 സുരക്ഷാ ക്രമീകരണങ്ങളാണ് ശബരിമല സന്നിധാനത്ത് ഒരുക്കിയിരിക്കുന്നത്. മല കയറി വരുന്ന ഭക്തർക്ക് പാദങ്ങൾ സാനിറ്റൈസ് ചെയ്യാൻ ഏർപ്പെടുത്തിയ സൗകര്യമാണ് ഇതിൽ പ്രധാനം. വലിയ നടപ്പന്തലിനു മുൻപായി ഒഴുകുന്ന വെള്ളത്തിൽ പാദം കഴുകി വൃത്തിയാക്കാൻ സാധിക്കും. കാൽ കഴുകി അടുത്തത് വരുന്നത് സെൻസറോടു കൂടി സ്ഥാപിച്ചിരിക്കുന്ന ഹാൻഡ് സാനിറ്റൈസറിന്റെ അടുത്തേക്കാണ്. അവിടെ കൈശുചിയാക്കിയ ശേഷം പ്രവേശിക്കുന്നത് വീണ്ടും കാൽ അണുവിമുക്തമാക്കുന്നതിനു വേണ്ടിയുള്ള സാനിറ്റൈസർ കൊണ്ട് നിറച്ച ചവിട്ടിയിലേക്കാണ്. ചവിട്ടിയിലൂടെ കടന്നാൽ മാത്രമേ നടപ്പന്തലിലേക്ക് പ്രവേശിക്കാനാവൂ.

കോവിഡ് 19 കാലയളവിൽ നഗ്നപാദരായി വരുന്ന ഭക്തജനങ്ങളുടെ കാൽ ശുചിയാക്കൽ പ്രധാനപ്പെട്ടതാണെന്ന കണ്ടെത്തലിനെ തുടർന്നാണ് പുതിയ സംവിധാനം ഏർപ്പെടുത്തിയത്. പതിനെട്ടാം പടിക്ക് മുൻപിലും ഹാൻഡ് സാനിറ്റൈസറും, കാൽ ശുചിയാക്കാനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. 40 സ്ഥലങ്ങളിൽ പെഡസ്ട്രിയൽ ടൈപ്പ് ഹാൻഡ് സാനിറ്റൈസറുകൾ സ്ഥാപിച്ചിട്ടുണ്ട്. നെയ്ത്തേങ്ങ സ്വീകരിക്കുന്ന സ്ഥലം, സ്റ്റാഫ് ഗേറ്റ്, എക്സിക്യൂട്ടീവ് ഓഫീസിനു മുൻവശം, എന്നിവിടങ്ങളിൽ സെൻസറുള്ള ഹാൻഡ് സാനിറ്റൈസറുകൾ സ്ഥാപിച്ചിട്ടുണ്ട്. തൊഴിലാളികൾക്ക്

എല്ലാവർക്കും മാസ്കും, ഗ്ലൗസും നൽകിയിട്ടുണ്ട്. ഇതിനു പുറമേ തീർഥാടകരോട് നേരിട്ട് ഇടപഴകേണ്ടി വരുന്ന തൊഴിലാളികൾക്ക് മാസ്കും, ഗ്ലൗസും കൂടാതെ ഫേസ് ഷീൽഡും നൽകിയിട്ടുണ്ട്. ശൗചാലയങ്ങൾ ഓരോ വ്യക്തികൾ ഉപയോഗിച്ചു കഴിയുമ്പോഴും അണുവിമുക്തമാക്കുന്നുണ്ട്. ടാപ്പ്, ഡോർ ഹാൻഡിൽ എന്നിവിടങ്ങളിൽ ക്ലോറിനേറ്റ് ചെയ്യും. ഇതിനാവശ്യമായ തൊഴിലാളികളേയും സൂപ്പർവൈസർമാരേയും നിയോഗിച്ചിട്ടുണ്ട്. ഉപയോഗിച്ച മാസ്കും, ഗ്ലൗസും ഇടുന്നതിനായി പ്രത്യേക ബിന്നുകളും സ്ഥാപിച്ചിട്ടുണ്ട്.

അന്നദാന മണ്ഡപം, ദേവസ്വം മെസ്, പോലീസ് മെസ്, ഭണ്ഡാരം എന്നിവിടങ്ങളിൽ ഹൈഡ്രജൻ പെറോക്സൈഡ്, സിൽവർ നൈട്രേറ്റ് സൊലുഷ്യൻ ഉപയോഗിച്ച് ദിവസവും രാത്രി ഫോഗ് ചെയ്ത് അണുവിമുക്തമാക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. തിരുമുറ്റം, ലോവർ തിരുമുറ്റം, പതിനെട്ടാം പടി നട, മാളികപ്പുറം തിരുമുറ്റം, അപ്പം-അരവണ കൗണ്ടർ, വലിയനടപ്പന്തൽ, കെഎസ്ഇബി എന്നിവിടങ്ങളിൽ ഫയർ ഫോഴ്സ് അണുവിമുക്തമാക്കുന്നുണ്ട്.

*(പി.ആർ. ശബരി-17)*

## സാമൂഹിക അകലം പാലിക്കുന്നതിന് മാർക്കിംഗ്

കോവിഡിനെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി മണ്ഡല - മകരവിളക്ക് ഉത്സവത്തോട് അനുബന്ധിച്ച് തീർഥാടകർ തമ്മിലുള്ള സാമൂഹിക അകലം ഉറപ്പുവരുത്താൻ സന്നിധാനത്ത് മാർക്കിംഗ് സംവിധാനം ഏർപ്പെടുത്തി. വലിയ നടപ്പന്തൽ, അപ്പം, അരവണ, ആടിയ ശിഷ്ടം നെയ്യ്, പ്രസാദം കൗണ്ടറുകൾ, സന്നിധാനം, തിരുമുറ്റം, മാളികപ്പുറം തിരുമുറ്റം എന്നിവിടങ്ങളിലാണ് മാർക്കിംഗ് ചെയ്തിട്ടുള്ളത്. വലിയ നടപ്പന്തലിൽ മാത്രം 351 മാർക്കുകളാണ് ചെയ്തിട്ടുള്ളത്. കോവിഡ് മാനദണ്ഡപ്രകാരമുള്ള അകലം പാലിച്ചാണ് മാർക്കിംഗ് നടത്തിയിട്ടുള്ളത്.

കോവിഡ് 19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ നിയന്ത്രണങ്ങളോടെയാണ് ഇത്തവണ ശബരിമല തീർഥാടനം. തീർഥാടകർക്ക് സുഗമമായ ദർശനം ഉറപ്പാക്കാനുള്ള എല്ലാ ക്രമീകരണങ്ങളും സന്നിധാനത്ത് ഒരുക്കിയിട്ടുണ്ട്.

*(പി.ആർ. ശബരി-18)*

## പമ്പയിൽ ഭക്തർക്ക് സ്നാനത്തിന് ഷവർ സംവിധാനം

മണ്ഡല മകരവിളക്ക് തീർഥാടനത്തോട് അനുബന്ധിച്ച് ശബരിമലയിൽ എത്തുന്ന തീർഥാടകർക്ക് സ്നാനത്തിന് പമ്പ ത്രിവേണിയിൽ പ്രത്യേക ഷവർ സംവിധാനം ഏർപ്പെടുത്തി. കോവിഡ് മാനദണ്ഡങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ പമ്പയാറ്റിലെ സ്നാനം നിരോധിച്ചതിന് പകരമായിട്ടാണ് താത്കാലിക ഷവർ സംവിധാനം പമ്പ ത്രിവേണിയിൽ ഏർപ്പെടുത്തിയത്.

മൂന്നു യൂണിറ്റുകളിലായി 60 ഷവറുകളാണു സജ്ജമാക്കുന്നത്. ഒരു യൂണിറ്റിലെ 20 ഷവറുകളുടെ നിർമാണം തുലാമാസ പൂജകൾക്ക് മുൻപായി തന്നെ പൂർത്തീകരിച്ചിരുന്നു. മറ്റു രണ്ട് യൂണിറ്റുകളുടെ നിർമാണം ഉടൻ പൂർത്തിയാകും. ആദ്യ ഷവർ യൂണിറ്റിന്റെ നിർമാണ ചെലവ് ഏഴേകാൽ

ലക്ഷം രൂപയാണ്. അവശേഷിക്കുന്ന രണ്ടു യൂണിറ്റുകൾക്ക് 20 ലക്ഷത്തോളം രൂപയാണു നിർമാണ ചെലവ്.
പമ്പ ത്രിവേണിയിൽ ദേവസ്വം ബോർഡ് ടോയ്‌ലറ്റ് ബ്ലോക്കിന്റെ അടുത്തായി പ്രധാന പാതയോട് ചേർന്നാണ് ഷവർ യൂണിറ്റ് നിർമിച്ചിരിക്കുന്നത്. ദേവസ്വം ബോർഡ് സ്ഥലം നൽകിയത് പ്രകാരം മേജർ ഇറിഗേഷൻ വകുപ്പാണ് ഷവറുകൾ നിർമിക്കുന്നത്. വാട്ടർ അതോറിട്ടിയാണ് ഷവറുകളിലേക്ക് വെള്ളമെത്തിക്കുന്നത്. ഉപയോഗ ശേഷമുള്ള മലിനജലം പമ്പയാറ്റിലേക്ക് ഒഴുകുന്നത് ഒഴിവാക്കി അവ സോക്ക്പിറ്റിലേക്ക് പമ്പ് ചെയ്ത് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ എത്തിക്കും. ദേവസ്വം ബോർഡിന്റെ പരിസ്ഥിതി വിഭാഗത്തിനാണ് ഇതിന്റെ ചുമതല.

*(പി.ആർ. ശബരി-19)*

## സന്നിധാനത്ത് അപ്പം, അരവണയ്ക്കായി മൂന്ന് കൗണ്ടറുകൾ

ശബരിമല സന്നിധാനത്ത് ആഴിക്കു സമീപം അപ്പം, അരവണ എന്നിവയുടെ വിതരണത്തിനായി മൂന്ന് കൗണ്ടറുകൾ പ്രവർത്തിക്കുന്നു. അരവണ ഒരു ടിന്നിന് 80 രൂപയും അപ്പത്തിന് ഒരു പായ്ക്കറ്റിന് 35 രൂപയുമാണ് നിരക്ക്.
സന്നിധാനം ഫെസ്റ്റിവൽ കൺട്രോൾ ഓഫീസിന് അടുത്തുള്ള കൗണ്ടറിൽ വിഭൂതി, മഞ്ഞൾ പ്രസാദം, കുങ്കുമ പ്രസാദം, നെയ്യ് അഭിഷേക ടിക്കറ്റ്, ആടിയശിഷ്ടം നെയ്യ് 100 ഗ്രാം പായ്ക്കറ്റ് ടിക്കറ്റ്, എല്ലാ വഴിപാടുകൾക്കുമുള്ള ടിക്കറ്റ് എന്നിവ വിതരണം ചെയ്യുന്നുണ്ട്. നെയ്യ് അഭിഷേകത്തിന് ഒരു മുദ്രക്ക് 10 രൂപയും വിഭൂതിക്ക് 25 രൂപയും മഞ്ഞളും കുങ്കുമവും ഒരുമിച്ചുള്ള പ്രസാദത്തിന് 40 രൂപയും ആടിയ ശിഷ്ടം നെയ്യ്ക്ക് 100 ഗ്രാം പായ്ക്കറ്റിന് 75 രൂപയുമാണ് നിരക്ക്.
സന്നിധാനത്തെ കൗണ്ടറിൽ നെയ്യ് നിറച്ച തേങ്ങ നൽകണം. ഒരു മുദ്രക്ക് 10 രൂപ നിരക്ക്. ഭക്തർ നൽകുന്ന നെയ്യ് ക്ഷേത്രം ജീവനക്കാർ അഭിഷേകം നടത്തും. നെയ്യ് അഭിഷേക രസീത് വാവരുനടയ്ക്ക് മുന്നിലെ മരാമത്തു കോംപ്ലക്സിൽ ഉള്ള കൗണ്ടറിൽ നൽകിയാൽ ഓരോ മുദ്രയ്ക്കും ആനുപാതികമായി ആടിയശിഷ്ടം നെയ്യ് ലഭിക്കും.
മാളികപുറത്തെ കൗണ്ടറിൽ നവഗ്രഹപൂജ, കുങ്കുമം മഞ്ഞൾ പ്രസാദം, ഉടയാട ചാർത്ത്, ഭഗവതിസേവ തുടങ്ങിയ പൂജകൾക്ക് രസീത് എടുക്കാം. നവഗ്രഹപൂജയ്ക്ക് 250 രൂപ, കുങ്കുമം മഞ്ഞൾ പ്രസാദത്തിന് ഒരുമിച്ചു 40 രൂപ, ഉടയാട ചാർത്തിന് 25 രൂപ, ഭഗവതിസേവയ്ക്ക് 2,000 രൂപ എന്നിങ്ങനെയാണ് നിരക്ക്.
പമ്പയിൽ മോദകം, അവൽപ്രസാദം എന്നിവയ്ക്ക് മാത്രമായി രണ്ട് കൗണ്ടറുകളുണ്ട്. മോദകം 40 രൂപ, അവൽപ്രസാദം 30 രൂപ എന്നിങ്ങനെയാണ് നിരക്ക്. പമ്പ ആഞ്ജനേയ ഓഡിറ്റോറിയത്തിനും വിനായക ഗസ്റ്റ് ഹൗസിനും ഇടയിലുള്ള പടവുകൾക്ക് താഴെ വലതുവശത്താണ് ഒരു കൗണ്ടർ. പമ്പ ഗണപതി ശ്രീകോവിലിനു സമീപമുള്ള അഡ്മിനിട്രേറ്റീവ് ഓഫീസിനോട് ചേർന്നാണ് മറ്റൊരു കൗണ്ടർ. പമ്പ ഗണപതി ശ്രീകോവിലിനു സമീപമുള്ള അഡ്മിനിട്രേറ്റീവ് ഓഫീസിനോട് ചേർന്നുള്ള ജനറൽ കൗണ്ടറിൽ മറ്റ് പൂജകൾക്കുള്ള രസീതെടുക്കാം. ഇവിടെ ഗണപതിഹോമത്തിന് 300 രൂപയാണ് നിരക്ക്. പമ്പയിലെ കെട്ടുനിറ

മണ്ഡപത്തിന് സമീപം കെട്ടുനിറ കൗണ്ടർ പ്രവർത്തിക്കുന്നു. കെട്ട് നിറയ്ക്ക് ഇവിടെ ഒരാൾക്ക് 250 രൂപയാണ് നിരക്ക്. ഇരുമുടികെട്ട്, കെട്ട് നിറയ്ക്കൽ സാധനങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടും. പമ്പയിലെ കെട്ടുനിറ മണ്ഡപത്തിൽ കോവിഡ് പ്രോട്ടോകോൾ പാലിച്ചാണ് ചടങ്ങുകൾ നടക്കുന്നത്.

*(പി.ആർ. ശബരി-20)*

## രക്ഷാപ്രവർത്തന ഉപകരണങ്ങൾ പരിചയപ്പെടുത്തി ഫയർഫോഴ്സ്

അടിയന്തര സാഹചര്യത്തിൽ രക്ഷാപ്രവർത്തനത്തിനായി ഉപയോഗിക്കുന്ന സാധനങ്ങളും, അവ ഉപയോഗിക്കുന്ന രീതിയുടെ പരിചയപ്പെടുത്തലും ബോധവത്കരണ ക്ലാസും ശബരിമല സന്നിധാനം ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ ഫയർ ഫോഴ്സിന്റെ നേതൃത്വത്തിൽ നടത്തി. വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, മരാമത്ത് ജീവനക്കാർ എന്നിവർക്കായാണ് പരിചയപ്പെടുത്തലും, ബോധവത്കരണ ക്ലാസും നടത്തിയത്.

സ്പെഷ്യൽ ഓഫീസർ എസ്.സൂരജിന്റെ നേതൃത്വത്തിൽ നടന്ന ചടങ്ങിൽ സ്റ്റേഷൻ ഓഫീസർ എസ്. ഗോപകുമാർ ക്ലാസ് നയിച്ചു. മരാമത്ത് അസിസ്റ്റന്റ് എൻജിനീയർ കെ. സുനിൽകുമാർ, പ്രോട്ടോക്കോൾ ഓഫീസർ ജി. മനോജ് കുമാർ, ദേവസ്വം ബോർഡ് ഫെസ്റ്റിവെൽ കൺട്രോളർ ബി.എസ്. ശ്രീകുമാർ, സന്നിധാനം മെഡിക്കൽ ഓഫീസർ മൃദുൽ മുരളീകൃഷ്ണ തുടങ്ങിയവർ പങ്കെടുത്തു.

*(പി.ആർ. ശബരി-21)*

### *ഫോട്ടോ അടിക്കുറിപ്പ്- സോഷ്യൽ ഡിസ്റ്റൻസിംഗ് നടപന്തൽ-*

കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി ശബരിമല സന്നിധാനത്തെ വലിയ നടപ്പന്തലിൽ സാമൂഹിക അകലം പാലിച്ച് മാർക്ക് ചെയ്തിട്ടുള്ള സ്ഥലത്ത് ദർശനത്തിനുള്ള ഊഴം കാത്ത് വിശ്രമിക്കുന്ന അയ്യപ്പന്മാർ.

### *ഫോട്ടോ അടിക്കുറിപ്പ്- സോഷ്യൽ ഡിസ്റ്റൻസിംഗ് പടി-*

കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി ശബരിമല സന്നിധാനത്ത് സാമൂഹിക അകലം പാലിച്ച് പതിനെട്ടാംപടി കയറുന്ന അയ്യപ്പന്മാർ.

### *ഫോട്ടോ അടിക്കുറിപ്പ്- സാനിറ്റൈസർ-*

കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി ശബരിമല സന്നിധാനത്തെ വലിയ നടപ്പന്തലിൽ സജ്ജീകരിച്ചിരിക്കുന്ന സാനിറ്റൈസർ മെഷീനിൽ കൈകൾ അണു വിമുക്തമാക്കുന്ന അയ്യപ്പന്മാർ.

### *ഫോട്ടോ അടിക്കുറിപ്പ്- സോഷ്യൽ ഡിസ്റ്റൻസിംഗ് പോലീസ്-*

കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി ശബരിമല സന്നിധാനത്ത് കൊടിമര ചുവട്ടിൽ തീർഥാടകരുടെ സഹായത്തിനായി നിയോഗിച്ചിട്ടുള്ള പിപിഇ കിറ്റ് ധരിച്ച പോലീസ് സേനാംഗം.

***ഫോട്ടോ അടിക്കുറിപ്പ്- ഷവർ-***

ശബരിമലയിൽ എത്തുന്ന തീർഥാടകർക്ക് സ്നാനത്തിനായി പമ്പ ത്രിവേണിയിൽ ഒരുക്കിയ പ്രത്യേക ഷവർ സംവിധാനം.

***ഫോട്ടോ അടിക്കുറിപ്പ്- ഫയർ ആൻഡ് റസ്ക്യൂ-***

രക്ഷാപ്രവർത്തന ഉപകരണങ്ങൾ പരിചയപ്പെടുത്തുന്നതിന് ഫയർഫോഴ്സിന്റെ ആഭിമുഖ്യത്തിൽ ശബരിമല സന്നിധാനത്തെ കോൺഫറൻസ് ഹാളിൽ നടത്തിയ ബോധവത്കരണ ക്ലാസ്.




# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER | 19 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്–2

ഫോൺ : 04735–202664

*www.prd.kerala.gov.in, prdnewssabarimala2021@gmail.co*

## അവസാനം മലകയറുന്ന തീർഥാടകർ നട അടയ്ക്കുന്ന ഒൻപത് മണിക്ക് മുൻപായി എത്തുന്നത് ഉറപ്പാക്കും

പമ്പയിൽ നിന്ന് രാത്രി ഏഴിന് ശബരിമലയിലേക്ക് അവസാനം കയറ്റിവിടുന്ന തീർഥാടകർ നട അടയ്ക്കുന്ന രാത്രി ഒൻപതിനു മുമ്പായി ദർശനത്തിന് എത്തുന്നു എന്ന് സിസിടിവിയിലൂടെ പോലീസ് ഉറപ്പാക്കും. സന്നിധാനം ദേവസ്വം ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ ചേർന്ന ഹൈ ലെവൽ കമ്മിറ്റി മീറ്റിംഗിലാണ് തീരുമാനം. ഹൈ ലെവൽ കമ്മിറ്റി കൺവീനർ സ്പെഷ്യൽ ഓഫീസർ സൗത്ത് സോൺ ട്രാഫിക് എസ്പി ബി. കൃഷ്ണകുമാർ യോഗത്തിൽ അധ്യക്ഷത വഹിച്ചു.

സന്നിധാനത്ത് സേവനം അനുഷ്ഠിക്കുന്ന എല്ലാ വകുപ്പുകളിലും ഓരോ കോവിഡ് പ്രോട്ടോക്കോൾ കം ലെയ്ൺ ഓഫീസറെ നിയോഗിച്ചു. അതത് വകുപ്പ് ജീവനക്കാർക്ക് കോവിഡ് സ്ഥിരീകരിച്ചാൽ പ്രോട്ടോക്കോൾ കം ലെയ്ൺ ഓഫീസർ തുടർ നടപടികൾക്ക് നേതൃത്വം നൽകും.വിവിധ വകുപ്പ് ജീവനക്കാരുടെ പ്രോട്ടോക്കോൾ കം ലെയ്ൺ ഓഫീസർമാരുടെ കോവിഡ് കോ–ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചു. ഈ കമ്മിറ്റിക്ക് കോവിഡ് മോണിറ്ററിംഗ് കമ്മിറ്റിയുടെ അധികാരം നൽകി. കോവിഡ് പ്രോട്ടോക്കോൾ പ്രകാരം സന്നിധാനത്തും പരിസര പ്രദേശങ്ങളിലും പരിശോധന നടത്തി നടപടി എടുക്കുന്നതിനും കോവിഡ് കോ–ഓർഡിനേഷൻ കമ്മിറ്റിക്ക് അധികാരം നൽകി. ദർശനത്തിനെത്തുന്ന തീർഥാടകർക്ക് ഫ്ളൈഓവറിന്

കിഴക്കേ ട്രാക്കിൽ കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് ഇരുമുടി കെട്ട് ഴിക്കുന്നതിനുള്ള സൗകര്യം ഒരുക്കും. സോപാനത്ത് ചെന്ന് ഗണപതികോവിലും കഴിഞ്ഞ് മാളികപുറത്തേക്ക് പോകുന്ന വഴി ഫ്ളൈഓവർ കയറുന്ന സമത്ത് കാണുന്ന രണ്ടു പാതയിൽ കിഴക്കേ വശത്തുള്ള പാതയിലാണ് ഭക്തർക്ക് കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് ഇരുമുടി കെട്ട് അഴിക്കാനുള്ള താൽക്കാലിക സൗകര്യം ഒരുക്കുന്നത്.

കോവിഡ് പശ്ചാത്തലത്തിൽ കടകളിൽ ഭക്ഷണ പദാർഥങ്ങൾ വിതരണം നടത്താൻ ഡിസ്പോസിബിൾ പ്ലേറ്റും ഗ്ലാസുമാണ് ഉപയോഗിക്കുന്നതെന്ന് ഉറപ്പുവരുത്തും. മെസുകളിൽ കോവിഡ് പ്രോട്ടോക്കോൾ പാലിച്ചാണ് ഭക്ഷണ വിതരണമെന്ന് ഉറപ്പുവരുത്തും.

മരക്കൂട്ടം, ചരൽമേട്, സന്നിധാനം എന്നിവിടങ്ങളിൽ അടിയന്തിരഘട്ടങ്ങളിൽ സ്ട്രക്ച്ചർ എടുക്കുന്നതിന് സേവനത്തിലുള്ള അയ്യപ്പസേവാ സംഘം പ്രവർത്തകർക്ക് ആരോഗ്യവകുപ്പ് മാസ്ക്ക്, ഗ്ലൗസ് എന്നിവ നൽകും. വിവിധ വകുപ്പുകൾ ഒരുക്കുന്ന ക്രമീകരണങ്ങൾ വിലയിരുത്തി പ്രത്യേകം ശ്രദ്ധ നൽകേണ്ട വിഷയങ്ങളിൽ ആവശ്യമായ ക്രമീകരണങ്ങൾ ഒരുക്കാൻ യോഗത്തിൽ തീരുമാനമായി.

ഹൈ ലെവൽ കമ്മിറ്റി മീറ്റിംഗിൽ എക്സിക്യൂട്ടീവ് ഓഫീസർ വി.എസ്. രാജേന്ദ്രപ്രസാദ്, ഫെസ്റ്റിവൽ കൺട്രോളർ ബി.എസ്. ശ്രീകുമാർ, എക ്സിക്യൂട്ടീവ് മജിസ്ട്രേറ്റ് പി.വി. സുധീഷ്, മെഡിക്കൽ ഓഫീസർ ഡോ. മൃതുൽ മുരളീകൃഷ്ണൻ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. അടുത്ത ഹൈ ലെവൽ കമ്മിറ്റി മീറ്റിംഗ് ഈ മാസം 21 നടക്കും.

*(പി.ആർ. ശബരി-22)*

***ഫോട്ടോ അടിക്കുറിപ്പ്- ഹൈലെവൽ കമ്മിറ്റി-***
സന്നിധാനം ദേവസ്വം ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ ചേർന്ന ഹൈ ലെവൽ കമ്മിറ്റി മീറ്റിംഗ്.

***ഫോട്ടോ അടിക്കുറിപ്പ്- ശബരിമല-***
ശബരിമല സന്നിധാനം.

***ഫോട്ടോ അടിക്കുറിപ്പ്- അയ്യപ്പൻ-***
പതിനെട്ടാപടി കയറി ദർശനത്തിനായി വരുന്ന അയ്യപ്പൻ.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ NOVEMBER | 19 | 2020 |
|---|---|---|

## ശബരിമല പത്രക്കുറിപ്പ്–3

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co


### ശബരിമലയിലെ നാളത്തെ (20.11.20) ചടങ്ങുകൾ...

5 മണിക്ക്.... തിരുനട തുറക്കൽ
5.05 ന്..... അഭിഷേകം
5.30 ന് ...ഗണപതി ഹോമം
7 മണി മുതൽ 11 മണി വരെ നെയ്യഭിഷേകം
7.30 ന് ഉഷപൂജ
8 മണി മുതൽ ഉദയാസ്തമന പൂജ
11.30 ന് 25 കലശാഭിഷേകം
തുടർന്ന് കളഭാഭിഷേകം
12 ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കൽ
4 മണിക്ക് ക്ഷേത്രനട തുറക്കും
6.30 ....ദീപാരാധന
7 മണിക്ക് .....പടിപൂജ
8.30 മണിക്ക് ....അത്താഴപൂജ
8.50 ന് ഹരിവരാസനം സങ്കീർത്തനം പാടി 9 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.

*(പി.ആർ. ശബരി–23)*

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.